**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് – 2009–ലെ ഷെഡ്യൂൾ നിരക്കുകൾ പ്രകാരം നടപ്പാക്കുന്ന പ്രവൃത്തികൾക്ക് അനുവദിക്കാവുന്ന ടെണ്ടർ എക്സസ് – മാർഗനിർദ്ദേശങ്ങൾ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഡി.സി.)വകുപ്പ്**

സ.ഉ.(എം.എസ്.)നമ്പർ. 32/2010/തസ്വഭവ തിരുവനന്തപുരം, തീയതി: 22–02–2010

പരാമർശം:
1. സ.ഉ.(എം.എസ്.)നമ്പർ 111/2009/തസ്വഭവ; തീയതി 18.06.2009.
2. സ.ഉ.(എം.എസ്.)നമ്പർ 39/2008/തസ്വഭവ; തീയതി 11.02.2008.
3. സ.ഉ.(സാധാ.)നമ്പർ 3171/2009/തസ്വഭവ; തീയതി 30.11.2009.
4. 10.11.2009, 17.02.2010 എന്നീ തീയതികളിൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ–ഓർഡിനേഷൻ സമിതിയുടെ തീരുമാനങ്ങൾ.

## ഉത്തരവ്

തദ്ദേശഭരണ സ്ഥാപനങ്ങൾ 2009–ലെ ഷെഡ്യൂൾ നിരക്കുകൾ പ്രകാരം നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികൾക്ക് അനുവദിക്കാവുന്ന ടെണ്ടർ എക്സസ് സംബന്ധിച്ച മാർഗനിർദ്ദേശങ്ങൾ പരാമർശം ഒന്ന് പ്രകാരം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം കെട്ടിടം, പാലം എന്നീ പ്രവൃത്തികൾക്ക് മാത്രമാണ് ടെണ്ടർ എക്സസ് അനുവദനീയമായിട്ടുള്ളത്. റോഡ് പ്രവർത്തികളെ സംബന്ധിച്ചിടത്തോളം ടാറിന് ഷെഡ്യൂൾ നിരക്ക് പ്രകാരമുള്ള വിലയും പ്രവൃത്തി നടപ്പാക്കുവാൻ കരാറിൽ ഏർപ്പെടുന്ന ദിവസത്തെ വിപണിവിലയും തമ്മിലുള്ള വ്യത്യാസം അനുവദനീയമാണ്. ഈ മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചതിനുശേഷം നിർമ്മാണ സാമഗ്രികളുടെ വിലയിലും തൊഴിലാളികളുടെ കൂലിയിലും വർദ്ധനവ് ഉണ്ടായിട്ടുള്ളതിനാൽ മരാമത്ത് പ്രവൃത്തികൾ നടപ്പാക്കുന്നതിൽ കാര്യമായ ബുദ്ധിമുട്ട് നേരിടുകയാണെന്ന് നിരവധി തദ്ദേശഭരണ സ്ഥാപനങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. ഈ വിഷയം 10.11.2009–ന് കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ–ഓർഡിനേഷൻ സമിതി ചർച്ചചെയ്യുകയും ടെണ്ടർ എക്സസിന്റെ ആവശ്യകത, ടെണ്ടർ എക്സസ് അനുവദിക്കാവുന്ന പ്രവൃത്തികൾ, അവയുടെ പരിധി, മറ്റ് നിബന്ധനകൾ മുതലായ വിഷയങ്ങൾ പഠിച്ച് റിപ്പോർട്ട് നൽകാൻ പരാമർശം മൂന്ന് പ്രകാരം രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയോട് ആവശ്യപ്പെടുകയും ചെയ്തിരുന്നു.

2. കമ്മിറ്റി ലഭ്യമാക്കിയ റിപ്പോർട്ടും ഇതുമായി ബന്ധപ്പെട്ട മറ്റ് വിഷയങ്ങളും സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. തദ്ദേശഭരണ സ്ഥാപനങ്ങൾ 2009–ലെ ഷെഡ്യൂൾ നിരക്കുകൾ പ്രകാരം നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികൾക്ക് അനുവദിക്കാവുന്ന ടെണ്ടർ എക്സസ് സംബന്ധിച്ച് പരാമർശം ഒന്ന് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗനിർദ്ദേശങ്ങൾ ചുവടെ വിവരിക്കുന്നത് പ്രകാരം പരിഷ്കരിച്ച് സർക്കാർ ഉത്തരവാകുന്നു.

2.1 ടെണ്ടർ എക്സസ് അനുവദനീയമായ പ്രവൃത്തികളും അവയ്ക്ക് അനുവദിക്കാവുന്ന പരമാവധി അധിക നിരക്കും ചുവടെ ചേർത്തിട്ടുള്ളത് പ്രകാരമായിരിക്കും.

| ക്രമ നം | പ്രവൃത്തി | പരമാവധി അധിക നിരക്ക് (ശതമാനം) |
|---|---|---|
| (1) | (2) | (3) |
| 1 | കെട്ടിടങ്ങൾ, പാലങ്ങൾ | 20 |
| 2 | റോഡ് പ്രവൃത്തികൾ | 10 |
| 3 | കിണർ, ഓവർഹെഡ് ടാങ്ക് എന്നിവ ഉൾപ്പെടെയുള്ള കുടിവെള്ള പ്രവൃത്തികൾ (water supply schemes involving wells and overhead tanks) | 15 |
| 4 | ഖരമാലിന്യ പരിപാലന പ്രവൃത്തികൾ (Solid waste disposal works) | 10 |
| 5 | കെട്ടിടങ്ങളിലെ കുടിവെള്ള വിതരണ പ്രവൃത്തികളും സാനിട്ടറി പ്രവൃത്തികളും (കെട്ടിട പ്രോജക്ടിന്റെ ഭാഗമായല്ലാതെ പ്രത്യേക പ്രവൃത്തിയായി ഏറ്റെടുക്കുകയാണെങ്കിൽ മാത്രം) | 10 |
| 6 | കെട്ടിടങ്ങളിലെ ഇലക്ട്രിക്കൽ പ്രവൃത്തികൾ (കെട്ടിട പ്രോജക്ടിന്റെ ഭാഗമായല്ലാതെ പ്രത്യേക പ്രവൃത്തിയായി ഏറ്റെടുക്കുകയാണെങ്കിൽ) | 15 |

2.2 പരാമർശം രണ്ട് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗനിർദേശങ്ങൾക്ക് അനുസൃതമായി വെർമി കമ്പോസ്റ്റിംഗ്, വിൻഡ്രോ കമ്പോസ്റ്റിംഗ്, ബയോ മെഥനേഷൻ എന്നീ സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് സ്ഥാപിക്കുന്ന ഖരമാലിന്യ പരിപാലന പ്ലാന്റുകളുടെ യൂണിറ്റ് കോസ്റ്റിനും ഈ ഉത്തരവിലെ ഖണ്ഡിക 2.1, ക്രമ നമ്പർ 4–ൽ പ്രതിപാദിച്ചിട്ടുള്ള അധിക നിരക്ക് ബാധകമായിരിക്കും.

2.3 സിമെന്റ്, സ്റ്റീൽ, ടാർ എന്നിവയ്ക്ക് വിപണി വില അനുവദനീയമല്ല.

2.4 പത്ത് (10) ടണ്ണിൽ കുറവ് ടാർ ആവശ്യമുള്ള റോഡ് പ്രവൃത്തികൾക്ക് പൊതുമേഖല എണ്ണക്കമ്പനികളിൽ നിന്നും ടാർ വാങ്ങി നൽകാവുന്നതാണ്. കൊച്ചി, മംഗലാപുരം എന്നിവിടങ്ങളിലെ പൊതുമേഖലാ എണ്ണക്കമ്പനികളിൽ ഏറ്റവും അടുത്ത് സ്ഥിതി ചെയ്യുന്നത് ഏതാണോ അവിടെ നിന്നായിരിക്കണം തദ്ദേശഭരണ സ്ഥാപനം ടാർ നേരിട്ട് വാങ്ങേണ്ടത്. ഓരോ പ്രവൃത്തിക്കും വാങ്ങി നൽകുന്ന ടാറിന്റെ അളവിനെ സംബന്ധിച്ച വിവരങ്ങൾ ആ പ്രവൃത്തി നടപ്പാക്കുന്ന പ്രദേശത്ത് തദ്ദേശഭരണ സ്ഥാപനം വ്യാപകമായി പരസ്യം ചെയ്യണം. ടാർ വാങ്ങി നൽകുന്ന സംഗതികളിൽ ഒറിജിനൽ ബില്ല് പ്രോജകട് രേഖയോടൊപ്പം സൂക്ഷിക്കേണ്ടതാണ്. ടാർ വാങ്ങി നൽകുകയാണെങ്കിലും, റോഡ് പ്രവൃത്തിക്ക് ടെണ്ടർ എക്സസ് അനുവദിക്കുന്നത് കാരണം ടാറിന്റെ ഒറിജിനൽ ബില്ല് പ്രകാരമുള്ള വിലയും കടത്ത് കൂലിയും പ്രവൃത്തിയുടെ ബില്ലിൽ കുറവുചെയ്ത് ബാക്കി തുക മാത്രമെ അനുവദിക്കാൻ പാടുള്ളൂ.

2.5 അക്രഡിറ്റഡ് ഏജൻസികൾ, ഗുണഭോക്തൃ സമിതികൾ എന്നിവ മുഖേന നടപ്പാക്കുന്ന പ്രവൃത്തികൾക്കും ഈ മാർഗനിർദ്ദേശങ്ങൾ ബാധകമായിരിക്കും.

2.6 ഈ ഉത്തരവ് പ്രകാരമുള്ള മാർഗനിർദേശങ്ങൾക്ക് ഉത്തരവിന്റെ തീയതി മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതും അതിനുശേഷം കരാറിൽ ഏർപ്പെടുന്ന പ്രവൃത്തി കൾക്ക് മാത്രം ബാധകമായിരിക്കുന്നതുമാണ്. ഇതിനകം ടെണ്ടർ ചെയ്തതും ടെണ്ടർ അംഗീകരിക്കുന്നത് സംബന്ധിച്ച് തീരുമാനമെടുത്ത് കരാറിൽ ഏർപ്പെടാത്തതുമായ പ്രവൃത്തികൾക്കും ഈ ഉത്തരവ് പ്രകാരമുള്ള മാർഗനിർദേശങ്ങൾ ബാധകമാക്കാവുന്നതാണെന്ന് വ്യക്തമാക്കുന്നു.

3. പരാമർശം ഒന്ന് പ്രകാരം പുറപ്പെടുവിച്ചിരുന്ന മാർഗനിർദ്ദേശങ്ങൾക്ക് പകരമാണ് ഈ ഉത്തരവ് പ്രകാരമുള്ള പരിഷ്കരിച്ച മാർഗനിർദ്ദേശങ്ങൾ എന്നും സർക്കാർ ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**എസ്.എം.വിജയാനന്ദ്**

പ്രിൻസിപ്പൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

1 എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2 എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3 എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4 എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
5 എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
6 എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
7 സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
8 മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
9 പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
10 ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
11 നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
12 ഡയറക്ടർ, കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
13 ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര
14 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
15 എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
16 ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്
17 എല്ലാ ടി.എ.ജി. ചെയർമാൻമാർക്കും മെമ്പർ സെക്രട്ടറിമാർക്കും
18 എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിമാർക്കും (ജില്ലാ കളക്ടർമാർ)
19 എല്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർമാർക്കും
20 എല്ലാ കുടുംബശ്രീ ജില്ലാ മിഷൻ കോ–ഓർഡിനേറ്റർമാർക്കും
21 എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
22 എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
23 എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
24 എല്ലാ നഗരകാര്യ മേഖലാജോയിന്റ് ഡയറക്ടർമാക്കും

25 ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
26 സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
27 ജനറൽ സെക്രട്ടറി, കേരളാഗ്രാമപഞ്ചായത്ത് അസോസിയേഷൻ
28 സെക്രട്ടറി, കേരളാബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
29 സെക്രട്ടറി, മുൻസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ
30 സെക്രട്ടറി, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ
31 അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
32 ഓഫീസ് കോപ്പി/കരുതൽ ഫയൽ

പകർപ്പ്:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശസ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ.ക്ക്
3. തദ്ദേശസ്വയം ഭരണ വകുപ്പ് സെക്രട്ടറിയുടെ സി.എ.ക്ക്
4. തദ്ദേശസ്വയംഭരണ ഡി.എ/ ഡി.ബി/ഡി.ഡി/എഫ്.എം. സെക്ഷനുകൾക്ക്